പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

# അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 274 | 16.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. സെൽവരാജ്<br>" ടി.എൻ. പ്രതാപൻ<br>" അൻവർ സാദത്ത്<br>" ലൂഡി ലൂയിസ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | നഗരങ്ങളിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശത്ത് കായികാദ്ധ്വാനത്തിന് തയ്യാറുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. നഗരപ്രദേശങ്ങളിലെ താമസക്കാരായ അവിദഗ്ധ, കായികാദ്ധ്വാനം ചെയ്യുവാൻ തയ്യാറുള്ള പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ നൽകുക എന്നുള്ളതാണ് ഉദ്ദേശ്യലക്ഷ്യം. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | പദ്ധതി നടത്തിപ്പിനുവേണ്ടി നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും ഡി.പി.സി. അംഗീകരിച്ച് നഗരകാര്യ മേഖലാ ഡയറക്ടർമാർ സൂക്ഷ്മപരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകരിക്കുന്ന പക്ഷം ബന്ധപ്പെട്ട നഗരസഭകൾക്ക് തുക അനുവദിച്ചു നൽകുകയുമാണ് ചെയ്യുന്നത്. 2012-13 മുതൽ 2015-16 വരെ വിവിധ നഗരസഭകളിലായി 9,31,291 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ